# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26
# മാതൃക ചോദ്യപേപ്പർ
# മലയാളം - കേരളപാഠാവലി

**ക്ലാസ് – IX** | **സമയം : 1½ മണിക്കൂർ**

**ആകെ സ്കോർ : 40**

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 1 സ്കോർ വീതം (4 x 1 = 4)**

**1.** 'മനുഷ്യകുലത്തിൽ പെടാത്തവരും അവിടെ അംഗങ്ങളായുണ്ട്.'

(പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥ)

വീടിനെക്കുറിച്ചുള്ള ബഷീറിന്റ കാഴ്ചപ്പാടിന് യോജിച്ച ആശയം ഏത്?

**A.** ജീവജാലങ്ങളെ കുടുംബാംഗങ്ങളായി കാണുന്നില്ല.
**B.** എല്ലാ ജീവജാലങ്ങളെയും കുടുംബാംഗങ്ങളായി കാണുന്നു.
**C.** പ്രകൃതി മനുഷ്യന് മാത്രം അവകാശപ്പെട്ടതാണ്.
**D.** വീട് മനുഷ്യർക്കുമാത്രം ഉള്ളതാണ്.

**2.** 'എന്തിലുമേറെക്കാമ്യം പണമേ
തുച്ഛ,മന്നതു കൈവന്നോട്ടെ!'

(പുളിമാവു വെട്ടി)

ഈ വരികളിൽ വിമർശിക്കപ്പെടുന്ന മനോഭാവം ഏത്?

**A.** പ്രകൃതിസ്നേഹികളെ നിസ്സാരന്മാരായി കാണുന്നു.
**B.** പണം സമ്പാദിക്കാനുള്ള മടി
**C.** പണമാണ് മുഖ്യമെന്ന നിലപാട്
**D.** പണമുള്ളവരോടുള്ള അസൂയ

**3.** 'ഇരുട്ട് വലിയ കറുത്ത തിരശ്ശീലപോലെ തൂങ്ങിക്കിടന്നു.'

(ആനഡോക്ടർ)

കറുത്ത തിരശ്ശീലപോലെ എന്ന പ്രയോഗത്തിന്റെ സാന്ദർഭികാർഥം എന്ത് ?

**A.** എല്ലാ കാഴ്ചകളെയും ഇരുട്ട് മറച്ചിരുന്നു.
**B.** ഇരുട്ടിലും കാഴ്ചകൾ പ്രകടമായിരുന്നു.
**C.** തിരശീലയിലെ കാഴ്ചകൾ അവ്യക്തമായിരുന്നു.
**D.** ഇരുട്ട് തിരശ്ശീലയിലും വ്യാപിച്ചിരുന്നു.

© State Assessment Cell - SCERT Kerala

4. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ 'പ്രകൃതിപാഠങ്ങൾ' എന്ന ലേഖനത്തിലെ ആശയവുമായി യോജിക്കാത്തത് ഏത് ?

**A.** പാരിസ്ഥിതിക വിവേകം നിലനിർത്തണം.

**B.** വികസനം പരിസ്ഥിതിസൗഹൃദമാകണം.

**C.** മനുഷ്യന്റെ ആർത്തിസംസ്കാരം ഭൂമിക്ക് ഗുണമാണ്.

**D.** മാനവികതാബോധത്തിന് പ്രാധാന്യം നൽകിയ കവിയാണ് വൈലോപ്പിള്ളി.

5. (A) അർഥവ്യത്യാസം വരാതെ രണ്ടു വാക്യമായി മാറ്റിയെഴുതുക.

ബഷീറിന്റെ സർഗാത്മകതയിൽനിന്ന് മലയാളത്തിനു ലഭിച്ച ഒരു രത്നമായി ഈ കൃതിയെ ഭാവിതലമുറ വാഴ്ത്തുമെന്നാണ് എന്റെ വിശ്വാസം.

**അല്ലെങ്കിൽ**

**(B)** "അതൊന്നും വേണ്ടാ, മകനേ," വൃദ്ധ പറഞ്ഞു: "വെറുതെ കുട്ടികൾ പേടിക്കും. എന്റെ വേദന മാറി. ഞാൻ തന്നെ പൊയ്ക്കൊള്ളാം.

ഈ സംഭാഷണത്തിൽ നിന്നും വ്യക്തമാകുന്ന അമ്മയുടെ സവിശേഷതകൾ കുറിക്കുക.

**(1 x 2 = 2)**

**6 മുതൽ 9 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരം എഴുതുക. 5 സ്കോർ വീതം (4 x 5 = 20)**

6. (A) • 'നീചനാരിതൻ കൈയാൽ ജലം വാങ്ങി-
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?'

(സുകൃതഹാരങ്ങൾ)

• 'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർതമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!'

(ദുരവസ്ഥ - കുമാരനാശാൻ)

രണ്ടു രചനാഭാഗങ്ങളിലും തെളിയുന്ന സാമൂഹികജീവിതാവസ്ഥ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** 'എന്റെ അമ്മയാണെങ്കിൽ ഈ വയ്യാത്ത കാലത്തു പച്ചക്കറി വാങ്ങാൻ ഞാനവരെ പുറത്തേക്കയയ്ക്കുകയില്ല.'

(അമ്മ)

ഈ വാക്കുകളിൽ പ്രകടമാകുന്ന പാൽക്കാരന്റെ മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

7. 'ചന്തകൂടിയ ബഹളമാണ് അവിടെ' (പാത്തുമ്മായുടെ ആട്)
ബഷീറിനെ അശാന്തിയിലേക്ക് നയിച്ച സാഹചര്യങ്ങൾ വ്യക്തമാക്കാൻ ഈ പ്രയോഗത്തിന് കഴിയുന്നുണ്ടോ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala

8. 'പച്ചക്കല്ലു വിളഞ്ഞുകിടക്കും
ഗിരിശൃംഗത്തിൽ പ്രതിരൂപം'
ഇത്തരം കല്പനകളാണ് പുളിമാവുവെട്ടി എന്ന കവിതയെ ആകർഷകമാക്കുന്നത്.

കവിതയിലെ മറ്റു വരികൾ കൂടി വിശകലനം ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

9. കഥാഭാഗം വായിച്ച് താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

'തന്റെ ആ കൊച്ചുസാമ്രാജ്യത്തിലെ അമൂല്യവസ്തുക്കളെല്ലാം ടീച്ചർക്ക് കാണിച്ചുകൊടുക്കുവാൻ അവനാഗ്രഹിച്ചു. വണ്ടുകൾ, പല്ലികൾ, ഓന്തുകൾ, നൂറുകണക്കിന് ഷഡ്പദങ്ങൾ തുടങ്ങിയവയെല്ലാം ഓക്കുമരത്തിന്റെ വേരുകളെ ആവാസകേന്ദ്രമാക്കിയിരിക്കുന്നു. ചില ജീവികൾ വേരിന്റെ ചുളിവുകളിൽ അഭയം തേടിയിരുന്നു. ഇനിയും ചില സൂക്ഷ്മജീവികൾ തടിയുടെ പുറംതൊലിയിലെ ചാലുകളെ ആവാസകേന്ദ്രമാക്കി. അവയെ മരത്തിന്റെ തോലിൽനിന്ന് തിരിച്ചറിയാൻ തന്നെ പ്രയാസമായിരുന്നു. അവ മരത്തിന്റെ ഒരു ഭാഗം പോലെ തോന്നിച്ചു. പല ജീവികളും ഹേമന്തത്തിലെ കഠിനമായ ശൈത്യത്തിൽ സുഖസുഷുപ്തിയിലാണ്ടു കിടക്കുകയായിരുന്നു. ഇവയെപ്പറ്റിയെല്ലാം സവുഷ്കിൻ ടീച്ചർക്ക് താൽപര്യത്തോടെ വിവരിച്ചുകൊടുത്തു. കരുത്തും വീര്യവും നിറഞ്ഞ ആ ഓക്കുമരം അനവധി ജീവികൾക്ക്, ജീവന് ആധാരമായ സ്നേഹം നിറഞ്ഞ ചൂട് നൽകിയിരുന്നു. ഈ മരത്തേക്കാൾ അനുയോജ്യമായ വേറൊരു താമസസ്ഥലം കണ്ടുപിടിക്കാൻ അവയ്ക്ക് സാധ്യമായിരുന്നില്ല.'

(ശിശിരത്തിലെ ഓക്കുമരം - യൂറി നഗീബിൻ)

i. തന്റെ കൊച്ചുസാമ്രാജ്യത്തിലെ അമൂല്യവസ്തുക്കളായി സവുഷ്കിൻ കരുതിയിരുന്നത് എന്തെല്ലാം? (2 സ്കോർ)

ii. ഓക്കുമരം ജീവന്റെയും നിലനിൽപ്പിന്റെയും പ്രതീകമായി മാറുന്നതെങ്ങനെ? (3 സ്കോർ)

**10 മുതൽ 11 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**
**7 സ്കോർ വീതം (2 x 7 = 14)**

10.
- 'അദ്ദേഹം ആ കുട്ടിയാനയുടെ നെറ്റിയിലും ചെവിയിലും തട്ടി സാന്ത്വനപ്പെടുത്തി.'
- 'കുട്ടിയാണ്. കാത് നിലച്ചാൽ തലയ്ക്ക് ചൂട് കയറിയേക്കും. ഡോക്ടർ പറഞ്ഞു.'
- "ഈസി! ഈസി! എന്ന് ഡോക്ടർ പറഞ്ഞു. കൈ രണ്ടും മുന്നിൽ നീട്ടി അദ്ദേഹം അതിന്റെയടുത്തേക്ക് നടന്നു". (ആനഡോക്ടർ)

സൂചനകളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് ഡോ. കെ. എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

© State Assessment Cell - SCERT Kerala

11.(A)
- 'മനുഷ്യന്റെ ജാതി മനുഷ്യത്വമാണ്.'
- 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി.'

(ശ്രീനാരായണഗുരു)

- 'ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ'

(കുമാരനാശാൻ)

മുകളിൽ നൽകിയ വരികളും സമകാലിക സാമൂഹികസാഹചര്യങ്ങളും വിശകലനംചെയ്ത് 'മാനവികതയും സാമൂഹ്യപുരോഗതിയും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ആശയം, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**തണൽ ചോദിച്ചത്**

വേരുകൾ ആഴങ്ങളിൽ
കുഴിച്ച് തളർന്നാലും
വെളിച്ചത്തിനെത്തിര-
ഞ്ഞിലകൾ പറന്നാലും

വെയിലിൻ വെളിച്ചപ്പാ -
ടുറഞ്ഞ് പുകഞ്ഞാലും
മഴകൾ ഊഞ്ഞാൽപ്പാടിൽ
മുറിഞ്ഞ് കരഞ്ഞാലും

കാണാത്ത ചിറകിന്റെ
കേൾക്കാത്ത കഥ ചൊല്ലി
കാറ്റുകൾ കൂടെച്ചെല്ലാ -
നെത്രമേൽ വിളിച്ചാലും

ഒരിടത്തനങ്ങാതെ
നിൽക്കുന്ന മരമേ നി -
ന്നരികത്തിരുന്ന് ഞാ
നൊന്ന് വിശ്രമിച്ചോട്ടെ......

(മോഹനകൃഷ്ണൻ കാലടി)

© State Assessment Cell - SCERT Kerala